പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3212 — 21.6.2013-ൽ മറുപടിക്ക്

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള
ഫണ്ട് വിനിയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എളമരം കരീം<br>,, റ്റി.വി. രാജേഷ്<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. ആർ. രാജേഷ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് മഴക്കാലത്തുണ്ടാകുന്ന പകർച്ചവ്യാധികളും മാരക രോഗങ്ങളും തടയുന്നതിന് മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ നടത്തിയോ എന്ന് വ്യക്തമാക്കാമോ; | എ) ചില നഗരസഭകളും ഗ്രാമപഞ്ചായത്തുകളും ഇതിനകം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം പൂർത്തീകരിച്ചു കഴിഞ്ഞു. മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തനം നടത്തി വരുന്നു. |
| ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ശുചിത്വമിഷൻ മുഖേന ശുചീകരണ പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര കോടി രൂപ അനുവദിച്ചു ; | ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ശുചിത്വ മിഷൻ മുഖേന മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് 16.68 കോടി രൂപയും, മുനിസിപ്പാലിറ്റികൾക്കും, കോർപ്പറേഷനുകൾക്കും കൂടി 2.575 കോടി രൂപയും ഉൾപ്പെടെ ആകെ 19.255 കോടി രൂപ നൽകി. |
| സി) അനുവദിച്ച ഫണ്ട് എത്ര തുക ചെലവഴിച്ചു; ഇനി ചെലവഴിക്കാൻ ബാക്കി എത്ര; വിശദമാക്കുമോ ; | സി) ആകെ 7.964 കോടി രൂപ ചെലവഴിച്ചു. ആയതിൽ നഗരസഭകൾ 1.776 കോടി രൂപ ചെലവഴിച്ചു. ഗ്രാമപഞ്ചായത്തുകൾ 6.188 കോടി രൂപയും ചെലവഴിച്ചു. |
| ഡി) അനുവദിച്ച തുക ഒട്ടും ചെലവഴിക്കാത്ത എത്ര പഞ്ചായത്തുകൾ ഉണ്ട് ; വ്യക്തമാക്കാമോ ? | ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ